**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1256** **14-03-2022 - ൽ മറുപടിയ്ക്ക്**

**വാർഷിക ട്രാവലർ റിവ്യൂ അവാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ.കെ.ടി.ജലീൽ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | വാർഷിക ട്രാവലർ റിവ്യൂ അവാർഡിൽ മോസ്റ്റ് വെൽകമിംഗ് റീജ്യൻ വിഭാഗത്തിൽ കേരള സംസ്ഥാനത്തിന് ഒന്നാം സ്ഥാനം ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | വിനോദസഞ്ചാരികളെ ഏറ്റവുമധികം സ്വാഗതം ചെയ്യുന്ന പ്രദേശമെന്ന നിലയിൽ പ്രമുഖ ഡിജിറ്റൽ ട്രാവൽ പ്ലാറ്റ്ഫോമായ 'ബുക്കിംഗ് ഡോട്ട് കോം' ആഗോളാടിസ്ഥാനത്തിൽ നടത്തിയ സർവേയിൽ കേരളത്തിന് "മോസ്റ്റ് വെൽകമിങ് റീജിയൻ" വിഭാഗത്തിൽ ഒന്നാം സ്ഥാനം ലഭിച്ചു. |
| (ബി) | ഏതൊക്കെ പ്രക്രിയകളിലൂടെയാണ് പ്രസ്തുത പുരസ്കാര പട്ടിക തയ്യാറാക്കുന്നത്; പുരസ്കാരം ലഭ്യമാകുന്നതിന് അടിസ്ഥാനമാക്കിയ മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (ബി) | ദശലക്ഷക്കണക്കിന് സഞ്ചാരികളുടെ പരിശോധിച്ചുറപ്പിച്ച അവലോകനങ്ങളെ അടിസ്ഥാനമാക്കിയാണ് ഈ അവാർഡ് നൽകുന്നത്. ആതിഥ്യമര്യാദ, സൗഹൃദാന്തരീക്ഷം, കോവിഡ് കാലത്തെ ആരോഗ്യ, ശുചിത്വ പരിപാലനം തുടങ്ങിയ മാനദണ്ഡങ്ങൾ കണക്കിലെടുത്താണ് പുരസ്കാരം. |
| (സി) | സംസ്ഥാന വിനോദസഞ്ചാര മേഖലയിലെ എന്തെല്ലാം സവിശേഷതകളാണ് ഒന്നാം സ്ഥാനത്തെത്തുന്നതിന് സഹായകമായത്; വിശദാംശങ്ങൾ നൽകാമോ? | (സി) | വളരെ സ്വാഗതാർഹമായ താമസ സൗകര്യങ്ങൾ, (ഹോട്ടൽസ്, ഹോംസ്റ്റേ, റിസോർട്ടുകൾ, ഗസ്റ്റ് ഹൗസ്, ബോട്ടുകൾ, അപ്പാർട്ടുമെന്റ്സ്) ആഭ്യന്തര സഞ്ചാരികളെ ഏറെ ആകർഷിക്കുന്ന തീരദേശ, ജലയാത്രാ സൗകര്യങ്ങൾ എന്നിവയെല്ലാം കേരള വിനോദസഞ്ചാരത്തിന്റെ സവിശേഷതകളാണ്. ബയോ ബബിൾ സംവിധാനം, കാരവൻ കേരള, ജൈവവൈവിധ്യ സർക്യൂട്ട്, മലബാർ ലിറ്ററി സർക്യൂട്ട്, അഗ്രി-ടൂറിസം നെറ്റ് വർക്ക്, ഇൻ-കാർ ഡൈനിംഗ് എന്നിവ അടുത്തിടെ കേരള ടൂറിസം ആരംഭിച്ച പദ്ധതികളാണ്. പുരാതന തുറമുഖ നഗരമായ ബേപ്പൂരിന്റെ പൈതൃകം ലോകശ്രദ്ധയിൽ കൊണ്ടുവന്ന് മാതൃകാ ഉത്തരവാദിത്ത ടൂറിസം ഹബ്ബായി വികസിപ്പിക്കാനുള്ള പദ്ധതിയും നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ